**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മൂലം പ്രതിസന്ധിയിലായ ചെറുകിട സംരംഭകരെ സഹായിക്കുന്നതിനും അവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെൻറ് കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൌകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ |

| | | | |
|---|---|---|---|
| | | | - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്ക മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റ്കൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി നല്കി പോരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനായി, കെഎസ്ഐഡിസി എംഎസ്എംഇ / സ്റ്റാർട്ട്-അപ്പുകൾ /മൈക്രോ എന്റർപ്രൈസസ്, എൻആർകെ എന്നിവർക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി എന്ന പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭം ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതി പ്രകാരം ‘കെ.എസ്.ഐ.ഡി.സി കുറഞ്ഞത് 25 ലക്ഷവും പരമാവധി 2 കോടി രൂപ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഏത് തരത്തിലുള്ള രൂപഘടനയും കേരളത്തിൽ നിലവിലുള്ളതും പുതിയ സ്ഥാപനങ്ങൾക്കും വായ്പ സഹായം നൽകും. പദ്ധതിച്ചെലവിന്റെ 80% തുക സരളമായ പലിശ നിരക്കിൽ 5 വർഷത്തെ തിരിച്ചടവ് കാലാവധിയും 1 വർഷത്തെ പ്രാരംഭ മൊറട്ടോറിയവും അടിസ്ഥാനമാക്കി വായ്പ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ പ്രവാസികൾക്കായി കെഎസ്ഐഡിസിയും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ എസ് ഐ ഡി സി മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്. |

സെക്ഷൻ ഓഫീസർ